**<u>പ്രസിദ്ധീകരണത്തിന്</u>**

**ഭക്ഷ്യ വകുപ്പ് മന്ത്രിയുടെ ആഫീസ്, 28/08/2023**

## ഓണകിറ്റ് വിതരണം സുഗമം – വാങ്ങാൻ കഴിയാത്തവർക്ക് അവസരം മന്ത്രി ജി.ആർ. അനിൽ

സംസ്ഥാനത്ത് എ.എ.വൈ. (മഞ്ഞ) റേഷൻ കാർഡുടമകൾക്ക് നൽകുന്ന സൗജന്യ ഓണക്കിറ്റുകളുടെ വിതരണം സുഗമമായി നടന്നുവെന്ന് ഭക്ഷ്യ, പൊതുവിതരണ വകുപ്പുമന്ത്രി ജി.ആർ. അനിൽ അറിയിച്ചു. ഇതുവരെ അഞ്ചുലക്ഷത്തോളം ഓണകിറ്റുകൾ വിതരണം ചെയ്തു. തിങ്കളാഴ്ച മാത്രം 2,41,000 കിറ്റുകൾ വിതരണം ചെയ്തു.

സംസ്ഥാനത്തെ ക്ഷേമസ്ഥാപനങ്ങൾക്ക് നൽകുന്ന ഓണക്കിറ്റ് ഇന്നലെ തന്നെ പൊതുവിതരണവകുപ്പ് ഉദ്യോഗസ്ഥർ നേരിട്ട് വിതരണത്തിന് എത്തിച്ചു നൽകിയിരുന്നു. വിതരണം പൂർത്തിയാക്കിയിരുന്നു. സംസ്ഥാനത്തെ 136 ആദിവാസി ഉരുകളിലും കിറ്റ് എത്തിച്ചു നൽകി. കോട്ടയം ജില്ലയിൽ തെരഞ്ഞെടുപ്പ് കമ്മിഷന്റെ അനുവാദം ഇന്ന് വൈകുന്നേരം ഏഴുമണിയോടെ ലഭ്യമായി . വിതരണത്തിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ ഒരു എ.എ.വൈ. കാർഡുകാരനും കിറ്റ് നിഷേധിക്കില്ലെന്നും അവസാനം എത്തുന്ന കാർഡുടമയ്ക്കും കിറ്റ് ഉറപ്പാക്കുമെന്നും മന്ത്രി അറിയിച്ചു.

ഉത്രാടദിനത്തിൽ സംസ്ഥാനത്തെ റേഷൻകടകൾ ഇടവേളകളില്ലാതെ പ്രവർത്തിക്കണമെന്ന സർക്കാർ നിർദ്ദേശം വലിയ ഒരു വിഭാഗം റേഷൻ വ്യാപാരികൾ പാലിച്ചുവെന്നും എന്നാൽ ചില വ്യാപാരികൾ ഇതിനോട് വേണ്ട രീതിയിൽ പ്രതികരിച്ചില്ലെന്നും മന്ത്രി പറഞ്ഞു. ഓഗസ്റ്റ് മാസത്തെ റേഷൻ വിതരണം സുഗമമായി നടക്കുകയും 83 ശതമാനം റേഷൻ കാർഡുടമകൾ റേഷൻ

വിഹിതം കൈപ്പറ്റിയിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. ഏതെങ്കിലും കാർഡുടമയ്ക്ക് ഇന്ന് കിറ്റ് കൈപ്പറ്റാൻ കഴിയാത്ത സാഹചര്യമുണ്ടായാൽ അടുത്ത പ്രവൃത്തി ദിവസം വാങ്ങുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

ഓണം ഫെയറുകൾ ഇന്ന് അവസാനിക്കുകയാണ്. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സപ്ലൈകോയുടെ വിപണി ഇടപെടൽ ഏറെ സഹായകരമായി. ഗുണനിലവാരമുള്ള ഭക്ഷ്യധാന്യങ്ങൾ സപ്ലൈകോ വഴി വില്പന നടത്തിയതിനാൽ ജനങ്ങൾക്ക് ഈ ഓണക്കാലത്ത് വിലക്കയറ്റം അനുഭവപ്പെട്ടതേയില്ല. ഈ വർഷത്തെ ജില്ലാ ഫെയറുകളിൽ നിന്നു മാത്രം ഏകദേശം 7 കോടി രൂപയ്ക്കടുത്ത വില്പന നടന്നു. ജനങ്ങൾ സപ്ലൈകോയെ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നുവെന്നതിന്റെ തെളിവാണിത്. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സർക്കാർ സർവ്വസന്നാഹങ്ങളുമായി ഈ ഓണക്കാലത്ത് ജനങ്ങളോടൊപ്പം നിൽക്കുകയും ജനങ്ങൾ അത് സ്വീകരിക്കുകയും എല്ലാ പിന്തുണയും സഹകരണവും നല്കിയതായും മന്ത്രി കൂട്ടിച്ചേർത്തു.

മന്ത്രിമാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾക്ക് സ്പെഷ്യൽ കിറ്റുകൾ തയ്യാറാക്കി നല്കിയതായുള്ള ചില മാധ്യമങ്ങളിലെ ആക്ഷേപം വസ്തുതാപരമല്ലെന്ന് മന്ത്രി പറഞ്ഞു. സപ്ലൈകോയുടെ ശബരി ബ്രാൻഡിലുള്ള ശബരി ഉൽപ്പന്നങ്ങളുടെ പായ്ക്കിങ്ങ് കവറുകൾ പുതിയ നിറത്തിൽ പുതിയ എംബ്ലം ഉൾപ്പെടുത്തിക്കൊണ്ട് രൂപ കല്പന ചെയ്ത് ഈ ഓണത്തോടനുബന്ധിച്ച് പുറത്തിറക്കിയിരുന്നു. പ്രസ്തുത ഉൽപ്പന്നങ്ങൾ ജനപ്രതിനിധികൾക്ക് പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായാണ് ശബരി ഉൽപ്പന്നങ്ങളുടെ ഗിഫ്റ്റ് പായ്ക്കറ്റ് ജനപ്രതിനിധികൾക്ക് എത്തിച്ചിട്ടുള്ളതാകാമെന്ന് മന്ത്രി അറിയിച്ചു. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ അവരുടെ ഉൽപ്പന്നങ്ങൾ ജനപ്രതിനിധികൾക്ക് കാലാകാലങ്ങളിൽ പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി ഇത്തരം കാര്യങ്ങൾ ചെയ്യാറുണ്ട്.

ഇതിനെയാണ് എ.എ.വൈ കാർഡുകൾക്കുള്ള സൗജന്യ ഓണകിറ്റിനോട് ചില മാധ്യമങ്ങൾ ഉപമിച്ചിട്ടുള്ളത്. സംസ്ഥാനത്തെ എ.എ.വൈ കാർഡുടമകൾക്കും ക്ഷേമസ്ഥാപനങ്ങളിലെ താമസ്സക്കാർക്കും അല്ലാതെ മറ്റാർക്കുംതന്നെ സൗജന്യകിറ്റ് നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടില്ലെന്നും മന്ത്രി അറിയിച്ചു.